പിന്നോക്ക പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ പരിമിതപ്പെടുന്നതായ പരാതി

9 (*188) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലും മറ്റ് പിന്നോക്ക വിഭാഗത്തിലുംപെട്ടവർക്ക് വിദ്യാഭ്യാസസൗകര്യങ്ങൾ പരിമിതപ്പെട്ടു കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുവിദ്യാലയങ്ങൾ അനുവദിക്കാതെയും ഉള്ളത് അടച്ചുപൂട്ടിയും അൺഎയ്ഡഡ് വിദ്യാലയങ്ങളും സ്വാശ്രയ കോളേജുകളും പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്നതിനാലാണ് പിന്നോക്ക വിഭാഗങ്ങളും പാവപ്പെട്ടവരും പിൻതള്ളപ്പെട്ടുപോകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നൂതനമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊതുമേഖലയിൽ ആരംഭിക്കാതിരിക്കുന്നതിനാലും സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുക്കുന്നതിനാലും ഇത്തരം സ്ഥാപനങ്ങളിൽ സംവരണതത്വം പാലിക്കാത്തതിനാലും പിന്നോക്ക സമുദായങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ സ്വാശ്രയമേഖലയിലെ മെഡിക്കൽ/ എഞ്ചിനീയറിംഗ് കോളേജുകളിൽ സംവരണതത്വം പാലിക്കാത്തതിനാൽ എസ്. സി/എസ്.ടി, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് എന്തുമാത്രം സീറ്റുകൾ നഷ്ടപ്പെട്ടതായി കണക്കാക്കപ്പെടുന്നു ; വിശദാംശം വ്യക്തമാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) : സർ

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള കുറവ്, തുടർപഠനത്തിന് സൗകര്യമുള്ള സ്കൂളുകളുടെ കുറഞ്ഞ ദൂരപരിധി തുടങ്ങിയ വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ് ചില സ്കൂളുകൾ നിർത്തലാക്കിയത്. സ്വാശ്രയ കോളേജുകളും അൺഎയ്ഡഡ് വിദ്യാലയങ്ങളും ആരംഭിച്ചു എന്ന കാരണത്താൽ പിന്നോക്ക വിഭാഗങ്ങളും പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവരും പിന്തള്ളപ്പെട്ടുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്ലസ്ടു തലത്തിൽ പ്രവേശനത്തിന് പാലിക്കേണ്ട സംവരണം സംബന്ധിച്ച് 9-6-2003 ലെ ജി. ഒ (എം. എസ്) നം. 250/2003/പൊവിവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് സർക്കാർ സ്ഥാപനങ്ങളിൽ മറ്റ് പിന്നോക്കസമുദായങ്ങൾക്കായി 20% സീറ്റും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് യഥാക്രമം 12% ഉം 8% വും സീറ്റുകളുമാണ് സംവരണം ചെയ്തിട്ടുള്ളത്. പ്രൈവറ്റ്/ എയ്ഡഡ് മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സീറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

സംവരണം ചെയ്തിട്ടുണ്ടെങ്കിലും മറ്റു പിന്നോക്കവിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്തിയിട്ടില്ല. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനത്തിനായി 2-5-1966 ലെ. ജി. ഒ. (പി) നം. 208/06 എഡ്യു. പ്രകാരവും ഈ ഉത്തരവിൽ കാലാകാലങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ അനുസരിച്ചും സാമൂഹ്യ പരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗത്തിന് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25% സീറ്റും പട്ടികജാതി വിഭാഗത്തിന് 3% സീറ്റും പട്ടികവർഗ്ഗ വിഭാഗത്തിന് 2% സീറ്റും സംവരണം ചെയ്തിട്ടുണ്ട്. സ്വാശ്രയ എഞ്ചിനീയറിംഗ് ഡി.ഫാം കോളേജുകളിൽ ഈ വർഷത്തെ പ്രവേശന മാനദണ്ഡങ്ങളനുസരിച്ച് 100 സീറ്റുകളുള്ള ഒരു കോളേജിൽ സംവരണാനുകൂല്യം കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് പിന്നോക്കവിഭാഗത്തിന് ഉദ്ദേശം 9 എണ്ണം കുറഞ്ഞിട്ടുണ്ട്. ഈ വർഷം പരിയാരം മെഡിക്കൽ കോളേജിൽ സർക്കാർ സീറ്റുകൾ 50% ആയി പരിമിതപ്പെടുത്തിയതിനാൽ ഇവിടെ പിന്നോക്ക വിഭാഗത്തിന് സംവരണസീറ്റിൽ ഉദ്ദേശം 12 സീറ്റുകളുടെ കുറവുണ്ടാകും.

(ഡി) പ്രവേശനപരീക്ഷാ കമ്മീഷണർ നടത്തുന്ന അലോട്ട്മെന്റ് സംവരണതത്വങ്ങൾ പാലിച്ചുകൊണ്ടുള്ളതാണ്. ഇതനുസരിച്ച് ഓരോ സ്വാശ്രയ കോളേജിലെയും 50% ഗവൺമെന്റ് സീറ്റുകൾ മാൻഡേറ്ററി റിസർവേഷൻ തത്വമനുസരിച്ച് വിവിധ വിഭാഗങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. ഈ 50% സീറ്റുകളുടെ 25% സീറ്റുകൾ സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും (ഈഴവ 9% മുസ്ലീം 8% പിന്നോക്ക ഹിന്ദു 5%, പിന്നോക്ക ക്രിസ്ത്യൻ 1% ആംഗ്ലോ ഇൻഡ്യൻ ഒഴികെയുള്ള ലാറ്റിൻ കത്തോലിക് 2%) 8% പട്ടികജാതി വിഭാഗങ്ങൾക്കും 2% പട്ടികവർഗ്ഗ വിഭാഗത്തിനും സംവരണം ചെയ്തിട്ടുണ്ട്.

ജലനഷ്ടം തടയുന്നതിനും ജലവിതരണം പുനഃസ്ഥാപിക്കുന്നതിനുമുള്ള ഉത്തരവാദിത്വം

10 (*190) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി ശുദ്ധജല വിതരണം നടത്തുന്ന നഗരങ്ങളിലെ പൊതുനിരത്തുകളിൽ കുഴിച്ചിട്ടിരിക്കുന്ന പൈപ്പുകൾ പൊട്ടിയാൽ അത് നന്നാക്കുന്നതിനുള്ള ഉത്തരവാദിത്വം വാട്ടർ അതോറിറ്റിക്ക് ഉണ്ടോ ;

(ബി) ഇല്ലെങ്കിൽ ആരിലാണ് ഈ ഉത്തരവാദിത്വം നിക്ഷിപ്തമായിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly